# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.3922** **24.08.2017-ൽ മറുപടിയ്ക്ക്**

**<u>പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ നിർമ്മാണം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ ഭാഗമായ കുമാരനാശാൻ മ്യൂസിയത്തിന്റെ പ്രധാന സിവിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ സ്മാരകത്തിന്റെ ഇന്റീരിയർ, ലാൻഡ്സ്കേപ്പിങ്ങ് വർക്കുകൾ പുരോഗമിച്ചു വരുന്നു. കുമാരനാശാൻ മ്യൂസിയം കൂടാതെ ബോട്ട് ജെട്ടി, ഇൻഫർമേഷൻ കൗണ്ടർ, സ്നാക്സ് കൗണ്ടർ, പർഗോള, റീട്ടെയിനിങ്ങ് വാൾ, സ്ട്രീറ്റ് ലൈറ്റ്, ഡെക്കറേറ്റീവ് ലൈറ്റ്, ആർ.സി.സി.ബെഞ്ച്, നടപ്പാത, ഹാൻഡ് റെയിൽസ്, സൈൻ ബോർഡ് എന്നിവയും ആശാൻ സ്മാരക ലൈബ്രറിയുടെ എക്സ്റ്റെൻഷൻ/പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി പുരോഗമിച്ചു വരുന്നു. |
| (ബി) | ഇനി എത്ര ശതമാനം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത്; | (ബി) | ഏകദേശം 20-25 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം സംബന്ധമായ വിലയിരുത്തലുകൾ ടൂറിസം വകുപ്പുതലത്തിലും, ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി) തലത്തിലും മറ്റു സാങ്കേതിക സഹായ ഏജൻസികളുടെ തലത്തിലും നിരന്തരം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ